## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2488 23/01/2014-ൽ മറുപടിക്ക്

### വയനാട് ജില്ലയിലെ ദുർബല ഗോത്ര വിഭാഗങ്ങളുടെ ആരോഗ്യ പരിപാലനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | വയനാട് ജില്ലയിലെ പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളുടെ ആരോഗ്യപരിപാലനം ഉറപ്പാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ; | എ | വയനാട് ജില്ലയിൽ മാനന്തവാടി, കൽപ്പറ്റ, സുൽത്താൻബത്തേരി പി.വി.ടി.ജി സെക്ടറൽ ഓഫീസുകളുടെ കീഴിൽ 3 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഡോക്ടർമാർ കോളനികൾ സന്ദർശിച്ച് രോഗികളെ പരിശോധിച്ച് മരുന്നുകൾ നൽകുകയും വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ള രോഗികളെ ബന്ധപ്പെട്ട ആശുപത്രികളിലേക്ക് ആയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. ഇതോടൊപ്പം ആരോഗ്യ ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. |
| ബി | പ്രസ്തുത വിഭാഗത്തിനായി കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | ബി | ഉണ്ട്. കൽപ്പറ്റ മൊബൈൽ മെഡിക്കൽ യൂണിറ്റ് 2012 ഡിസംബർ 12 നാണ് ആരംഭിച്ചത്. വിവിധ കോളനികളിലായി 250 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും 1500 രോഗികളെ പരിശോധിച്ച് ചികിത്സ നടത്തുകയും ചെയ്തിട്ടുണ്ട്. യൂണിറ്റിനു കീഴിൽ ഒരു ഡോക്ടർ, ഒരു നേഴ്സ്, ഒരു അറ്റൻഡർ, ഒരു ഡ്രൈവർ എന്നിവർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. |
| സി | ഏതെല്ലാം നിർവ്വഹണ ഏജൻസികളാണ് ജില്ലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നതെന്ന് വ്യക്തമാക്കുമോ; | സി | ജില്ലയിൽ പ്രവർത്തിക്കുന്ന 3 മൊബൈൽ മെഡിക്കൽ യൂണിറ്റുകളിൽ 2 എണ്ണം (ബത്തേരി, കൽപ്പറ്റ) പ്രത്യേക ദുർബല ഗോത്ര വിഭാഗ പദ്ധതിക്കു കീഴിൽ വകുപ്പ് നേരിട്ട് നടത്തുന്നതും. മാനന്തവാടിയിലെ മൊബൈൽ മെഡിക്കൽ യൂണിറ്റ് HLFPPT എന്ന സ്ഥാപനം നടത്തുന്നതുമാണ്. |

സെക്ഷൻ ഓഫീസർ